"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ശ്രീ. ജെയിംസ് മാത്യു ഫയൽ ചെയ്ത 11330/2016 നമ്പർ റിട്ട് പെറ്റീഷനിൽ 23/05/2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം പാലിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്) വകുപ്പ്**

സ.ഉ.(സാധാ) നം.1444/2026/GEDN തീയതി,തിരുവനന്തപുരം, 19-02-2026

---

പരാമർശം:-

1. റിട്ട് ഹർജി നം.11330/2016 നമ്പർ റിട്ട് പെറ്റീഷനിൽ 23/05/2025 തീയതി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച വിധിന്യായം.
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 30.07.2025 തീയതിയിലെ ഡിജിഇ/14284/2025-ആർ1 നമ്പർ റിപ്പോർട്ട്.

**ഉത്തരവ്**

ശ്രീ. ജെയിംസ് മാത്യു ഫയൽ ചെയ്ത WP(C) 11330/2016 നമ്പർ റിട്ട് പെറ്റീഷനിൽ 23/05/2025-ലെ വിധിന്യായ പ്രകാരം, പ്രസ്തുത വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ രണ്ടാഴ്ചയ്ക്കുള്ളിൽ, എല്ലാ തർക്കങ്ങൾ ഉന്നയിച്ചും പരാതികൾ ചൂണ്ടിക്കാട്ടിയും ഹർജിക്കാരൻ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക് സമഗ്രമായ ഒരു നിവേദനം സമർപ്പിക്കേണ്ടതാണെന്നും, ഹർജിക്കാരനെ നേരിൽ കേൾക്കാൻ അവസരം നൽകിയ ശേഷം ഈ വിധിന്യായത്തിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസങ്ങൾക്കുള്ളിൽ ഹർജി തീർപ്പാക്കുവാൻ ബഹു.ഹൈക്കോടതി നിർദ്ദേശം നൽകിയിരുന്നു.

2. സർക്കാർ ഈ വിഷയം 28.06.2025ൽ നേരിൽ കേട്ടു. ശ്രീ. ജെയിംസ് മാത്യുവിന്റെ റിട്ടയർമെന്റിനെ തുടർന്ന് നടത്തപ്പെട്ട ശമ്പള പുനർ നിർണ്ണയ പരിശോധനയിൽ കണ്ടെത്തിയിട്ടുള്ള സാമ്പത്തിക ബാദ്ധ്യതയുടെ റിക്കവറി നടപടിയിൽ നിന്നും ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ടാണ് ഹർജിക്കാരൻ അപേക്ഷ സമർപ്പിച്ചിരിക്കുന്നത്.

3. പൊതുവിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. ഇടുക്കി ജില്ലയിലെ കരിങ്കുന്നം എസ്.എ.എച്ച്.എസിൽ നിന്നും ക്ലാർക്ക് തസ്തികയിൽ വിരമിച്ച ശ്രീ. ജെയിംസ് മാത്യുവിന് 15.09.1981 മുതൽ എഫ്.ടി.എം ആയി തുടർച്ചയായ എയ്ഡഡ് സ്കൂൾ സേവനമുണ്ട്. 19.01.1987 മുതൽ ഓഫീസ് അറ്റൻഡന്റ് ആയി സേവനമാരംഭിച്ച ടിയാന് 01.10.1988 മുതൽ ക്ലാർക്കായി സ്ഥാനക്കയറ്റം ലഭിച്ചു. 31.01.2016 -ന് സൂപ്പർആന്വേഷൻ വഴി ടിയാൾ സേവനത്തിൽ നിന്നും വിരമിച്ചു. ശ്രീ ജെയിംസ് മാത്യുവിന് ഹയർ ഗ്രേഡ്, ശമ്പള പരിഷ്കരണം എന്നിവ സമയബന്ധിതമായി ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർ അനുവദിച്ച നൽകിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ ലാസ്റ്റ് ഗ്രേഡിൽ നിന്നും സ്ഥാനക്കയറ്റം ലഭിക്കുന്ന ക്ലാർക്കുമാരുടെ ഗ്രേഡ് കണക്കാക്കേണ്ടത് എൻട്രി തസ്തികയായ ലാസ്റ്റ്

ഗ്രേഡിൽ നിന്നുമാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ശ്രീ. ജെയിംസ് മാത്യുവിന്റെ ലാസ്റ്റ് ഗ്രേഡ് തസ്തികയിലേയും ക്ലാർക്ക് തസ്തികയിലേയും ആകെ സേവനകാലം പരിഗണിച്ച് മാത്രമേ ഗ്രേഡ് അനുവദിക്കുവാൻ കഴിയുകയുള്ളൂ. ആയതിനാൽ ക്ലാർക്ക് തസ്തിക എൻട്രി തസ്തികയായി കണക്കാക്കി അനുവദിച്ച എല്ലാ ശമ്പള നിർണ്ണയങ്ങളും റദ്ദാക്കി ലാസ്റ്റ് ഗ്രേഡ് എൻട്രി തസ്തികയായി കണക്കാക്കി ഗ്രേഡുകൾ പുന:നിർണ്ണയം ചെയ്യുന്നതിനു വിദ്യാഭ്യാസ ഉപഡയറക്ടർ നിർദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 01.06.2004 മുതലുള്ള ശമ്പള നിർണ്ണയം തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ഓഫീസർ പുന:നിർണ്ണയിച്ച് നൽകി. മേൽ പരാമർശിക്കുന്ന പ്രകാരം ശ്രീ. ജെയിംസ് മാത്യുവിന്റെ ശമ്പളം പുനർ നിർണ്ണയിക്കുകയും ടിയാൻ അധികമായി കൈപ്പറ്റിയ ₹1,01,678/- രൂപ (ഒരു ലക്ഷത്തി ആയിരത്തി അറുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) തിരിച്ചടച്ച് ചെല്ലാൻ ഹാജരാക്കുകയോ, അല്ലെങ്കിൽ ടി തുക ശ്രീ ജെയിംസ് മാത്യുവിന്റെ ഗ്രാറ്റുവിറ്റിയിൽ നിന്നും ഈടാക്കുന്നതിനുള്ള സത്യപ്രസ്താവന സമർപ്പിക്കുകയോ ചെയ്യേണ്ടതാണ് എന്ന് തൊടുപുഴ ജില്ലാ വിദ്യാഭ്യാസ ആഫീസർ അറിയിച്ചിരുന്നു. അതോടൊപ്പം തന്നെ സ.ഉ.(അച്ചടി) നം.7/16/ധന തീയതി 20.01.2016 പ്രകാരം, പെറ്റീഷണറുടെ 01.07.2014 മുതലുള്ള ശമ്പളം പുനർനിർണ്ണയിച്ച്, 26500-56700 ശമ്പള സ്കെയിലിൽ 44,700/- രൂപയായി നിശ്ചയിക്കുകയും ചെയ്തു. ടിയാന്റെ ശമ്പളം പുനർനിർണ്ണയിച്ചതു പ്രകാരമുള്ള പെൻഷൻ പ്രൊപ്പോസലാണ് അക്കൗണ്ടന്റ് ജനറലിന് സമർപ്പിച്ചിട്ടുള്ളത് എന്ന് ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ അധികമായി കൈപ്പറ്റിയ തുക ₹1,01,678 (ഒരു ലക്ഷത്തി ആയിരത്തി അറുന്നൂറ്റി എഴുപത്തി എട്ട് മാത്രം) ടിയാൻ ഡി.സി.ആർ.ജി.യിൽ നിന്നും തിരിച്ചടക്കുന്നതിന് സമ്മതപത്രം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ടി തുക കുറച്ചിട്ടുള്ള പെൻഷൻ ആനുകൂല്യങ്ങളാണ് ശ്രീ. ജെയിംസ് മാത്യുവിന് അനുവദിച്ചുനൽകിയിട്ടുള്ളത് എന്ന് റിപ്പോർട്ടിൽ നിന്നും വ്യക്തമാകുന്നു. ശ്രീ. ജെയിംസ് മാത്യു 03.07.2025-ൽ സമർപ്പിച്ച നിവേദനത്തിലെ ആവശ്യപ്രകാരം ടിയാന് 23, 27 വർഷ ഗ്രേഡ്കൾക്ക് ഓപ്ഷൻ അനുവദിക്കാൻ പര്യാപ്തമായ ഉത്തരവുകൾ നിലവിലില്ല എന്നും സ.ഉ.(അച്ചടി) നം. 85/2011/ധന തീയതി 26.02.2011 പ്രകാരം അനുവദിച്ച 27 വർഷ ഗ്രേഡ്ന് ടി ഉത്തരവിലെ പ്രാബല്യ തീയതിയായ 01.02.2011 മാത്രമേ അനുവദിക്കാൻ സാധിക്കുകയുള്ളൂവെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ തെറ്റായ ശമ്പള നിർണ്ണയം വഴി അധികമായി കൈപ്പറ്റുന്ന തുകകൾ തിരിച്ചടയ്ക്കാൻ തയ്യാറാണെന്നുള്ള അപേക്ഷകന്റെ സമ്മത പത്രത്തിന്റെ അടിസ്ഥാനത്തിലാണ് കാലാകാലങ്ങളിൽ ശമ്പള നിർണ്ണയം നടത്തിയിട്ടുള്ളതിനാൽ റിക്കവറി നടപടികളിൽ നിന്നും ഒഴിവാക്കേണ്ട സാഹചര്യമില്ല എന്നും ഇടുക്കി വിദ്യാഭ്യാസ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എയ്ഡഡ് സ്കൂളുകളിൽ ലാസ്റ്റ് ഗ്രേഡിൽ നിന്നും സ്ഥാനക്കയറ്റം ലഭിക്കുന്ന ക്ലാർക്കുമാരുടെ ഗ്രേഡ് കണക്കാക്കേണ്ടത് എൻട്രി തസ്തികയായ ലാസ്റ്റ് ഗ്രേഡിൽ നിന്നുമാണ് എന്ന് 21.12.2002 ലെ കത്ത് നം.92248/പി.ആർ.സി-എ3/02/ഫിൻ, 08.8.2008 ലെ 46/2008/ധന നമ്പർ സർക്കുലർ എന്നിവ പ്രകാരം നിർദേശിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ടി വിഷയം സർക്കാർ മുമ്പാകെ വന്നിട്ടുള്ളതും 20.11.2024 ലെ സ.ഉ.(അച്ചടി) നം.24.2024/പൊവിവ എന്നിവ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ ലാസ്റ്റ് ഗ്രേഡിൽ നിന്നും സ്ഥാനക്കയറ്റം ലഭിക്കുന്ന ക്ലാർക്കുമാരുടെ ഗ്രേഡ് കണക്കാക്കേണ്ടത് ക്ലാർക്ക് തസ്തികയിൽ നിന്നല്ല മറിച്ച് എൻട്രി തസ്തികയായ ലാസ്റ്റ് ഗ്രേഡിൽ നിന്നുമാണ് എന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. ആയതിനാൽ തന്നെ തെറ്റായ ശമ്പള നിർണ്ണയം വഴി അധികമായി കൈപ്പറ്റിയ തുകകൾ തിരിച്ചടയ്ക്കുന്നതിനുള്ള റിക്കവറി നടപടികളിൽ നിന്നും ശ്രീ. ജെയിംസ് മാത്യുവിനെ ഒഴിവാക്കേണ്ട സാഹചര്യമില്ല എന്നുള്ള വിദ്യാഭ്യാസ ഉപഡയറക്ടറുടെ വാദം നിലനിൽക്കുന്നതാണ്. മാത്രവുമല്ല ഓരോ ശമ്പള നിർണ്ണയ സമയത്തും തെറ്റായ ശമ്പള നിർണ്ണയം വഴി അധികമായി തുകകൾ കൈപ്പറ്റുകയാണെങ്കിൽ ആയത്

തിരിച്ചടയ്ക്കാൻ തയ്യാറാണെന്നുള്ള സമ്മതപത്രം ജീവനക്കാരൻ സമർപ്പിക്കുന്നുമുണ്ട്. കൂടാതെ ശ്രീ. ജെയിംസ് മാത്യുവിന് 23, 27 വർഷ ഗ്രേഡ്കൾക്ക് ഓപ്ഷൻ അനുവദിക്കുവാനും നിലവിൽ വ്യവസ്ഥയില്ല എന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം നിലവിലെ വിദ്യാഭ്യാസ ചട്ടങ്ങളുടെയും റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. ശ്രീ. ജെയിംസ് മാത്യുവിന് ക്ലർക്ക് തസ്തിക പ്രവേശന തസ്തികയായി കണക്കാക്കി ടി തസ്തികയിൽ 10 , 16, 22 , 27 വർഷം പൂർത്തീകരിച്ച തീയതി പ്രാബല്യത്തിൽ പ്രൊമോഷൻ തസ്തികകളുടെ സ്കെയിലിൽ സമയബന്ധിത ഹയർഗ്രേഡുകൾ അനുവദിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. എഫ് റ്റി എം. തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. ജെയിംസ് മാത്യുവിന് ക്ലർക്ക് തസ്തികയിലേയ്ക്ക് പ്രമോഷൻ ലഭിച്ചതിനു ശേഷവും ടിയാന്റെ പ്രവേശന തസ്തിക ലാസ്റ്റ് ഗ്രേഡ് തസ്തികയായി തുടരുന്നതാണ്. അതിനാൽ ക്ലർക്ക് തസ്തിക പ്രവേശന തസ്തികയായി കണക്കാക്കി അനുവദിച്ച ഒന്നും രണ്ടും സമയബന്ധിത ഹയർഗ്രേഡുകൾ റദ്ദ ചെയ്യേണ്ടതാണ്. ലാസ്റ്റ് ഗ്രേഡ് തസ്തികയിൽ ഒന്ന്, രണ്ട് സമയ ബന്ധിത ഹയർ ഗ്രേഡുകൾ ലഭിക്കുന്നതിനുള്ള സേവനകാലയളവ് പൂർത്തിയാക്കുന്നതിനു മുമ്പ് തന്നെ ഓഫീസ് അറ്റൻഡന്റ്, ക്ലാർക്ക് എന്നീ തസ്തികളിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ടിയാന് ലാസ്റ്റ് ഗ്രേഡ് തസ്തികയിലെ ഒന്നും രണ്ടും സമയബന്ധിത ഹയർ ഗ്രേഡുകൾക്ക് അർഹതയില്ല. ടിയാന് യു. ഡി. ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിലിൽ 2004 ശമ്പള പരിഷ്കരണം അനുവദിച്ചിരിക്കുന്നത് ക്രമപ്രകാരമല്ല. അത് ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിലിൽ പുനർ നിർണ്ണയിക്കേണ്ടതാണ്. തുടർന്ന് ടിയാന് എഫ്. ടി. എം. , ഓഫീസ് അറ്റൻഡന്റ്, ക്ലർക്ക് എന്നീ തസ്തികകളിലെ സേവനം ഒരുമിച്ച് പരിഗണിച്ച് 20/11/2024 തീയതിയിലെ സ.ഉ. (പി) നം. 24/2024/പൊ.വി.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നിർദ്ദിഷ്ട 23, 27 വർഷ സേവനകാലം പൂർത്തിയാക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ശമ്പള പരിഷ്കരണ ഉത്തരവിലെ അനക്സർ I ലെ ശമ്പള സ്കെയിലുകളുടെ ലിസ്റ്റിൽ, ക്ലർക്ക് തസ്തികയുടെ ശമ്പള സ്കെയിലിന്റെ തൊട്ടുയർന്ന സ്കെയിലിലുകളിൽ ടിയാന്റെ ഓപ്ഷനു വിധേയമായി KSR Part I റൂൾ 28 A നിർണ്ണയാനുകൂല്യത്തോടെ മൂന്ന്, നാല് സമയബന്ധിത ഹയർ ഗ്രേഡുകൾ അനുവദിക്കാവുന്നതാണ്.

5. തെറ്റായ ശമ്പള നിർണ്ണയത്തിലൂടെ ജീവനക്കാർ അധികമായി കൈപ്പറ്റിയ തുക തിരികെ ഈടാക്കുന്നതുമായി ബന്ധപ്പെട്ട State of Punjab V.Rafiq Masih (White Washer case) [2015(4)SCC 334 - കേസിലെ 18/12/2014 തീയതിയിലെ ബഹു.സുപ്രീം കോടതി വിധിന്യായത്തിൽ ക്ലാസ് III, IV വിഭാഗത്തിൽ പെട്ട ജീവനക്കാരെ റിക്കവറിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. എന്നാൽ സ്ഥാനക്കയറ്റങ്ങളിലടക്കം ജീവനക്കാർ "option" നല്കുകയും ടി "option"- ഫലമായി അധിക ശമ്പളം കൈപ്പറ്റുകയാണെങ്കിൽ തിരിച്ചടച്ചു കൊള്ളാമെന്ന് സമ്മതപത്രം നല്കിയിട്ടുള്ളതുമായ കേസുകളിൽ ടി സമ്മതപത്രത്തിലുള്ള വ്യവസ്ഥകൾക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ബാധ്യസ്ഥനാണെന്നും അത്തരം സാഹചര്യങ്ങളിൽ Rafiq Masih (White Washer) കേസിലെ തത്വം ബാധകമാക്കാൻ കഴിയില്ലായെന്നും ബഹു.സുപ്രീം കോടതി പഞ്ചാബ് ഹരിയാന ഹൈക്കോടതി അഭി ജഗദേവ് സിംഗ് (High Court of Punjab and Haryana V.Jagdev Singh - Civil Appeal No.3500 of 2006) കേസിൽ 29.07.2016- ന് പുറപ്പെടുവിച്ച വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുണ്ട് . 08/08/2008 തീയതിയിലെ 46/2008/ധന നമ്പർ സർക്കുലറിലെ ഖണ്ഡിക 11- പ്രകാരം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്ന അവസരത്തിൽ ചട്ടവിരുദ്ധമായി എന്തെങ്കിലും ആനുകൂല്യം കൈപ്പറ്റിയിട്ടുള്ളതായി

കണ്ടെത്തുന്ന പക്ഷം അത് തിരിച്ചടച്ചുകൊള്ളാമെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ഓരോ ജീവനക്കാരും ഒരു ഡിക്ലറേഷൻ സമർപ്പിച്ചിരിക്കണമെന്ന് നിർദ്ദേശമുണ്ടായിരുന്നതാണ്. ഹർജിക്കാരൻ അപ്രകാരം ഡിക്ലറേഷൻ സമർപ്പിച്ചിട്ടുള്ളതിനാൽ അനർഹമായി കൈപ്പറ്റിയ തുക തിരിച്ചടയ്ക്കുവാൻ ബാദ്ധ്യസ്ഥനാണ്. മേൽ സാഹചര്യത്തിൽ, ശ്രീ. ജെയിംസ് മാത്യുവിന്റെ ശമ്പളം 20/11/2024 തീയതിയിലെ സ.ഉ. (പി) നം. 24/2024/പൊ.വി.വ നമ്പർ ഉത്തരവിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ ക്രമീകരിച്ച് ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങൾ പുനർനിർണ്ണയിക്കുന്നതിനും തെറ്റായ ശമ്പള നിർണ്ണയത്തിലൂടെ ടിയാൻ അധികമായി കൈപ്പറ്റിയ തുക ടിയാന്റെ ഡി സി ആർ ജി യിൽ നിന്നും തിരിച്ചടക്കുന്നതിന് സമ്മതപത്രം സമർപ്പിച്ചിട്ടുള്ളതിനാൽ അത് തിരിച്ചു പിടിക്കുന്നതിനും ബന്ധപ്പെട്ട വിദ്യാഭ്യാസ അധികാരികൾക്ക് നിർദ്ദേശം നൽകി, അപ്രകാരം ശ്രീ. ജെയിംസ് മാത്യു ഫയൽ ചെയ്ത 11330/2016 നമ്പർ റിട്ട് പെറ്റീഷനിൽ 23/05/2025ലെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SUNITHA S GEORGE
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (അറിവിലേക്കായി)
ശ്രീ. ജെയിംസ് മാത്യു, പുളിയാംതടത്തിൽ വീട്, തട്ടാരത്തട്ട പി.ഒ., തൊടുപുഴ, ഇടുക്കി - 685 586.
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്)/(എ&ഇ), കേരള, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, ഇടുക്കി
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, തൊടുപുഴ
കോർപ്പറേറ്റ് മാനേജർ, കോട്ടയം അതിരൂപത, കോട്ടയം - 686 001
ഹെഡ്മാസ്റ്റർ, സെന്റ് അഗസ്റ്റിൻ ഹയർ സെക്കൻഡറി സ്കൂൾ, കരിങ്കുന്നം, തൊടുപുഴ, ഇടുക്കി - 685 586
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Resmi Babu
Date: 20-02-2026 11:14:47
സെക്ഷൻ ഓഫീസർ

പകർപ്പ്:
ബഹു. പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പ് മന്ത്രിയുടെ പി.എസ്.ന്.
പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ സി.എ.യ്ക്ക്.